**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3217** **07-10-2025 - ൽ മറുപടിയ്ക്ക്**

**പുതുക്കാട് മണ്ഡലത്തിലെ കളിസ്ഥലങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | പുതുക്കാട് മണ്ഡലത്തിലെ നന്തിക്കര ജി.വി.എച്ച്.എസിൽ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ഭാഗമായി അനുവദിച്ച കളിസ്ഥലത്തിന്റെ വികസന പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (എ) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ട പുതുക്കാട് നിയോജക മണ്ഡലത്തിലെ പറപ്പൂക്കര ഗ്രാമപഞ്ചായത്തിലെ നന്തിക്കര ജി.വി.എച്ച്.എസ് സ്കൂളിലെ കളിസ്ഥല വികസന പ്രവൃത്തിക്കായി എം.എൽ.എയുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 50 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു.ടി തുകയും കായിക വകുപ്പിൻറെ പ്ലാൻഫണ്ട് വിഹിതമായ 50 ലക്ഷം രൂപയും ഉൾപ്പെടുത്തി പ്രസ്തുത പ്രവൃത്തിയ്ക്ക് കായിക യുവജനകാര്യ ഡയറക്ടർ 100 ലക്ഷം രൂപയുടെ സംയുക്ത ഭരണാനുമതിയും നൽകിയിരുന്നു.തുടർന്ന് 93.89 ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി നൽകുകയും ഇ-ടെണ്ടർ ക്ഷണിക്കുകയും ചെയ്തു.<br><br>M/s Neeshan & LJ Private Limited, കണ്ണൂർ എന്ന സ്ഥാപനമാണ് 79.58 ലക്ഷം രൂപയ്ക്ക് ടി പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത്.ടി പദ്ധതിയിൽ ഗ്രൗണ്ട് ഡെവലപ്മെൻറ്, മഡ് ഫുട്ബോൾ കോർട്ട്, മഡ് വോളീബോൾ കോർട്ട്, മഡ് ഖോ-ഖോ കോർട്ട്, മഡ് ബാഡ്മിൻറൺ കോർട്ട്, ലോംഗ് ജംപ് പിറ്റ്, ടോയ്ലെറ്റ് കം ഓഫീസ് റൂം, സ്റ്റെപ്പ് ഗ്യാലറി, ഡ്രെയിൻ, ഫെൻസിംഗ്, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിൽ ഗ്രൗണ്ടിൽ നിലനിന്നിരുന്ന പഴയ കെട്ടിടം പൊളിച്ച് നീക്കം ചെയ്തതിനു ശേഷം സർവ്വേ പ്രവൃത്തികൾ പൂർത്തീകരിക്കുകയും, ഗ്യാലറി, ഡ്രെയിൻ എന്നിവയുടെ നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തിയ പുതുക്കാട് മണ്ഡലത്തിലെ തൃക്കൂർ സർവോദയ ഹൈസ്കൂൾ ഗ്രൗണ്ട്, വല്ലച്ചിറ പഞ്ചായത്ത് ഗ്രൗണ്ട് എന്നിവയുടെ | (ബി) | 2025-26 ബഡ്ജറ്റിൽ 100 ലക്ഷം രൂപ എസ്റ്റിമേറ്റ് തുകയായും 20% തുക ഈ സാമ്പത്തിക വർഷത്തെ വിഹിതമായും ഉൾപ്പെടുത്തിയ തൃക്കൂർ സർവോദയ |

| | | | |
|---|---|---|---|
| | പുരോഗതി ഏത് ഘട്ടത്തിലാണെന്നും അവയുടെ നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്നും എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത കളിസ്ഥല വികസനത്തിന്റെ ഭാഗമായി നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ? | | ഹൈസ്കൂൾ ഗ്രൗണ്ട് നിർമ്മാണ പ്രവൃത്തിയുടെ ഭരണാനുമതി എസ്റ്റിമേറ്റ് സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന തയാറാക്കുകയും ആയതിന്മേൽ കായിക യുവജന കാര്യാലയത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരികയുമാണ്. ടി പ്രവൃത്തിയിൽ പ്രധാനമായും, ഫെൻസിംഗ്, ഗ്രൗണ്ട് ഡെവലപ്മെൻറ്, ഡ്രെയിനേജ്, ഗ്യാലറി, ഗേറ്റ്, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.<br><br>2025-26 ബഡ്ജറ്റിൽ 100 ലക്ഷം രൂപ എസ്റ്റിമേറ്റ് തുകയായും 20% തുക ഈ സാമ്പത്തിക വർഷത്തെ വിഹിതമായും ഉൾപ്പെടുത്തിയ വല്ലച്ചിറ ഗ്രാമപഞ്ചായത്ത് മിനി സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിയുടെ ഭരണാനുമതി എസ്റ്റിമേറ്റ് സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന തയാറാക്കുകയും ആയതിന്മേൽ കായിക യുവജന കാര്യാലയത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരികയുമാണ്. ടി പ്രവൃത്തിയിൽ പ്രധാനമായും, ഫെൻസിംഗ്, ഗ്രൗണ്ട് ഡെവലപ്മെൻറ്, ഡ്രെയിനേജ്, ഫ്ളെഡ് ലൈറ്റ് എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ